<u>**പതിനാലാം കേരള നിയമസഭ**</u>

<u>ഒൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1618.**

**31-01-2018 ൽ മറുപടിയ്ക്ക്**

## <u>ഹരിപ്പാട് മണ്ഡലത്തിൽ തരിശ് കൃഷി</u>

<u>**ചോദ്യം**</u>
ശ്രീ.അൻവർ സാദത്ത്

<u>**മറുപടി**</u>
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ എത്ര ഏക്കർ തരിശ് നിലങ്ങളിലാണ് കൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ 745 ഏക്കർ തരിശ് നിലങ്ങളിൽ ഈ സാമ്പത്തിക വർഷം 450 ഏക്കറിൽ കൃഷിയിറക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ? | (ബി) | നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഹരിതം ഹരിപ്പാട് സമഗ്ര കൃഷി വ്യാപന പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 2016 നവംബർ 26-ന് നടന്നു. ഹരിതം ഹരിപ്പാട് സമഗ്ര കൃഷി വ്യാപന പദ്ധതി തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇതിനുപുറമേ സമഗ്ര നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്., ജനകീയാസൂത്രണ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മുഴുവൻ സ്ഥലങ്ങളിലും നെൽകൃഷി ചെയ്യുവാനാവശ്യമായ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ തയ്യാറാക്കി സമർപ്പിക്കുന്നതിന് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**